അനാഥാലയങ്ങൾക്ക് നൽകുന്ന ഗ്രാൻറ്

1446. [2186] ശ്രീ. കെ.പി. രാമൻ :
,, ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അനാഥാലയങ്ങൾക്ക് നൽകുന്ന ഗ്രാൻറ് അപര്യാപ്തമാണെന്ന പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നേരത്തെയുണ്ടായിരുന്ന ഗ്രാൻറ് 45 രൂപയിൽനിന്ന് 60 രൂപയായി വർദ്ധിപ്പിച്ചത് 1984 ജൂണിലാണ്. അധികമായി വരുന്ന സാമ്പത്തിക ബാദ്ധ്യത കണക്കിലെടുക്കുമ്പോൾ ഗ്രാൻറ് തുക വീണ്ടും വർദ്ധിപ്പിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

വെള്ളിമണിൽ ഐ.സി.ഡി.പി. സബ് സെൻറർ

1447. [2187] ശ്രീ. തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളിമണിൽ ഒരു ഐ.സി.ഡി.പി. സബ് സെൻറർ സ്ഥാപിക്കണമെന്ന് ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഒറ്റപ്പാലം ബ്ലോക്കിൽ പ്രയുക്ത പോഷകാഹാര പരിപാടി

1448. [2188] ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം ബ്ലോക്കിൽ മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും ക്ഷേണം നൽകുന്ന പ്രയുക്ത പോഷകാഹാര പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ 6 മാസമായി ഈ പരിപാടി പ്രകാരം ക്ഷേണം വിതരണം ചെയ്യുന്നതല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly